The Travancore-Cochin Irrigation Bill—(*Contd.*)

Clause 4. - (Contd.)

MR. DEPUTY SPEAKER : We will now resume consideration of the Travancore-Cochin Irrigation Bill, Amendment No. 4 to be moved by Shri Madhavan Pillai.

SHRI P. S. NATARAJA PILLAI : Has any amendment been moved on the last Session ? I should like to know, Sir, where and at what stage of discussion we were on the last occasion.

MR. DEPUTY SPEAKER : The amendment was moved by Mr. Madhavan Pillai during the last Session and it was supported by Mr. Nataraja Pillai and Mr. Thoppil Bhaskaran Pillai.

SHRI P. S. NATARAJA PILLAI : If it is to be moved again, we can have the discussion again.

SHRI P. R. MADHAVAN PILLAI: The amendment reads:—

> In Clause 4, sub-clause (1), insert the words 'and minor' in between the words 'petty' and 'irrigation' in the heading of the clause, and in 2 and 3, and delete the proviso at the end of the sub-clause, and insert the following : —
>
> "and the responsibility of maintaining, repairing and constructing all petty and minor irrigation works, constructed, maintained and repaired by the Government in the local areas before the commencement of this Act will devolve upon the Panchayat within whose local limits such petty and minor irrigation works are situated."

സർ, ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു വ്യക്തമായ ഒരു ഉദ്ദേശത്തോടുകൂടിയാണ്. അരയത്തു പൊറ്റ് ഇറിഗേഷന്റെ വിഭാഗത്തിൽപ്പെട്ടതു, ജലസേചനസൗകര്യമായ പണികൾ മാത്രമേ ഈ പഞ്ചായത്തുകൾക്കു ചെയ്യുവാൻ അധികാരം നൽകിയിട്ടുള്ള നാട്ടിൻപുറങ്ങളിലാണെങ്കിൽ, നൂറും, നൂറനത്തും പറ നിലങ്ങൾ എന്ന രീതിയിൽ ചെറിയ ചെറിയ എല്ലാ ഭാഗങ്ങളും ധാരാളം ഉള്ളതു. പത്തോ, ഇരുപത്തഞ്ചോ, മുപ്പതോ ഏക്കർ വീതമുള്ള നിലങ്ങളിലെ ജലസേചനത്തിന്റെ ചുമതല കളക്ടറേയോ, ഗവൺമെന്റിനേയോ ഏല്പിച്ചാൽ, ആ പ്രദേശം ദുരവസ്ഥ ചെയ്യുവാൻ പ്രയാസമാണ്. അതുകൊണ്ടു് അത്തരം പൊറ്റ് ഇറിഗേഷൻ മാത്രമല്ല, മൈനർ ഇറിഗേഷന്റെ ചുമതലകൂടി പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നതു. നമ്മുടെ പഞ്ചായത്തുകളുടെ കാര്യം പറയുകയാണെങ്കിൽ കർഷകരാണ്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ആർ. മാധവൻപിള്ള]

അംഗങ്ങളും പ്രസിഡൻറന്മാരും എല്ലാംതന്നെ. കൃഷിക്കാരുടെ ആവശ്യങ്ങളും, ജലസേചന സൗകര്യങ്ങളും ഏറ്റവും കൂടുതൽ അറിയാൻ കഴിയുന്നതു്, പഞ്ചായത്തുകൾക്കാണു്, പഞ്ചായത്തു മെംബറന്മാർക്കാണു്. ഈ വക ആവശ്യങ്ങളും അവരുടെ ശ്രദ്ധയിൽപ്പെടുന്നതിനും, അതു യഥാവസരം നടപ്പിലാക്കുന്നതിനും ബുദ്ധിമുട്ടുണ്ടാകാനിടയില്ല. നേരേമറിച്ചു്, ഇറിഗേഷൻ സംബന്ധിച്ചു കാര്യങ്ങളും ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയിൽപെടുത്താനും അതിനു പരിഹാരം നേടാനും വളരെ പ്രയാസമാണു്. കളക്ടറുടെ അടുക്കൽ ചെന്നാലും, ഇറിഗേഷൻ ആഫീസറന്മാരുടെ അടുക്കൽ ചെന്നാലും വലിയ പ്രയോജനമൊന്നും കാണുന്നില്ല. ഇവർക്കു എത്ര അപേക്ഷകളും കൊടുത്താലും അവരെ വിളിച്ചുകൊണ്ടുവന്നു ആ സ്ഥലം കാണിക്കുവാനും, അതിന്റെ ആവശ്യം അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാനും വളരെ വിഷമമുണ്ടു്. എനിക്കു് നേരിട്ടനുഭവമുള്ള ചില കാര്യങ്ങളും പറയാം. പലയിടത്തും ഇറിഗേഷൻ പദ്ധതികളും തുടങ്ങുവാൻ നടപടികളെടുത്തിട്ടുണ്ടു്. സ്ഥലത്തുള്ളവർ ഉദ്യോഗസ്ഥന്മാരെ കണ്ടു് ആ സ്ഥലം സന്ദർശിക്കുവാൻ ആവശ്യപ്പെടും. എന്നാൽ ആഫീസിൽനിന്നും വെളിയിലേക്കിറങ്ങാത്ത ആളുകളും ധാരാളം ഉണ്ടു്. ഇതിന്റെ ആവശ്യം കണ്ടു ബോദ്ധ്യപ്പെടാനോ, എത്രയും വേഗം അതു സംബന്ധിച്ചുള്ള പണികളും പൂർത്തിയാക്കുവാൻ വേണ്ട റിപ്പോർട്ടുകളും സർക്കാരിലേക്കയയ്ക്കുവാനോ കൂട്ടാക്കാത്തവരാണു് അധികം പേരും. ഏതെങ്കിലും ഒരു പഞ്ചായത്തിൽ ഒരു തോടു കഴിച്ചാൽ അല്ലെങ്കിൽ ഒരു കുളം വെട്ടിയാൽ കൂടുതലധികം പ്രയോജനം ഉണ്ടാകുമെന്നു ബോദ്ധ്യപ്പെടുവാൻ സൗകര്യമുള്ളതു് പഞ്ചായത്തുകാർക്കാണു്. അതുകൊണ്ടു് പെറ്റി ഇറിഗേഷനും മൈനർ ഇറിഗേഷനും സംബന്ധിച്ചുള്ള മുതലുകൾ പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കേണ്ടതാണു്.

പ്രഖ്യാപിതമായ സർക്കാരിന്റെ നയം, പഞ്ചായത്തുകൾക്കു കൂടുതൽ അധികാരം നൽകുകയെന്നുള്ളതാണല്ലോ. നാട്ടിൻപുറത്തു ഭരണപരിചയത്തെ വളർത്തുകയെന്നുള്ളതാണു് സർക്കാർ ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നും, പറയുന്നു. നമ്മുടെ ഗ്രാമത്തിന്റെ മുഴുവൻ ഭരണത്തിന്റേയും മുതൽ പഞ്ചായത്തുകളിലാണു് നിക്ഷിപ്തമാക്കേണ്ടതു്. കൃഷിക്കാരുടെ മുഴുവനാവശ്യങ്ങളും ഉടനടി സാധിച്ചുകൊടുക്കത്തക്ക ഒരു സ്ഥാപനമായി പഞ്ചായത്തുകൾ വളർന്നുവരുമ്പോൾ മൈനർ ഇറിഗേഷൻ, പെറ്റി ഇറിഗേഷൻ തുടങ്ങിയുള്ള പദ്ധതികളും ആസൂത്രണം ചെയ്യുവാനും നിർവഹിക്കുവാനുമുള്ള മുഴുവൻ മുതൽ സർക്കാരിന്റെ സഹായത്തോടും മറ്റു ആവശ്യമുള്ള സാങ്കേതിക സഹായത്തോടും കൂടി നടത്തുവാനുള്ള മുതൽ പഞ്ചായത്തുകൾക്കു് വിട്ടുകൊടുക്കേണ്ടതാണു്. അങ്ങനെ ചെയ്യുന്നപക്ഷം, കൺട്രാക്ടർമാർ ചെയ്യുന്ന ചെലവിനേക്കാൾ കുറഞ്ഞ ചെലവിൽ അതിന്റെ പണികളും നിർവഹിക്കുവാനും അതിനേക്കാൾ എളുപ്പത്തിൽ അവ ചെയ്തു തീർക്കുവാനും സാധിക്കും. ഈ പെറ്റി ഇറിഗേഷനും മൈനർ ഇറിഗേഷനും വേണ്ടി പഞ്ചായത്തുകൾ അനുവദിക്കുന്നതുകയിൽ 50 ശതമാനമോ, 60 ശതമാനമോ, മാത്രമാണു് സർക്കാരിന്റെ യഥാർത്ഥത്തിലുള്ള ഇതിനുള്ള ചെലവാക്കുന്നതു്. നേരേമറിച്ചു് ഈ പണികളും പഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തിയാൽ ഏറ്റവും കുറഞ്ഞ ചെലവിൽ ആ നാട്ടിലെ കൃഷിക്കാരെയും നാട്ടുകാരെയും മുഴ

LIBRARY ARCHIVES Kerala Legislative Assembly

വൻ ആവേശം കൊള്ളിച്ചിട്ട് ആ പണികൾ ചെയ്തു തീർക്കുവാൻ സാധിക്കും. തങ്ങൾക്കുതന്നെ ഈ ആവശ്യമാണെന്നുള്ള ബോധത്തോടുകൂടി ഏറ്റവും ഫലപ്രദമായ രീതിയിൽ അവരുടെ പണികൾ നടത്തുവാൻ കഴിയും. ഗ്രാമസ്വരാജ്, എന്നും, ഗ്രാമീണ സ്വയംഭരണ സ്ഥാപനങ്ങളെന്നും, സ്വയംപര്യാപ്തങ്ങളായ ഗ്രാമങ്ങളെന്നും മറ്റുമുള്ള ആശയങ്ങൾക്കു പ്രാമാണ്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ എന്റെ ഭേദഗതി ഗവണ്മെന്റ് അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. വിളവ് വർദ്ധിപ്പിക്കണമെങ്കിൽ, ഗ്രാമങ്ങളിലുള്ള എല്ലാ നിലങ്ങളിലും കഴിയുന്ന സൗകര്യമായ ജലസേചന പദ്ധതികൾ നടപ്പാക്കണമെങ്കിൽ, ഉദ്യോഗസ്ഥന്മാരെ മാത്രം ചുമതലപ്പെടുത്തി ഇറിഗേഷൻ ജോലികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതു ശരിയല്ല. അതുകൊണ്ടു് എന്റെ ഈ ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ബഹുമാനപ്പെട്ട കുന്നത്തൂർ മെംബർ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. ജനാധിപത്യത്തിന്റെ ഒരു യുഗത്തിൽ ജീവിക്കുന്നവരാണു് നാമെന്നാണു് നാം അഭിമാനിക്കുന്നതു്. പഞ്ചായത്തു് ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമായിട്ടാണു് വിവക്ഷിക്കപ്പെട്ടിട്ടുള്ളതു്. കൂടുതലധികാരങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു് കൊടുക്കുകയാണെങ്കിൽ, ജനാധിപത്യതത്വത്തെ മാനിക്കുന്ന ഒരു നടപടിയായിട്ടു മാത്രമെ, ഗണിക്കുകയുള്ളൂ. വിശേഷിച്ചും പഞ്ചായത്തുകൾ നഗരങ്ങളെപ്പോലെയല്ലാതെ കാർഷിക പ്രധാനമായി മാത്രം കഴിഞ്ഞുകൂടുന്ന പ്രദേശങ്ങളാണു്. അങ്ങനെയുള്ള പഞ്ചായത്തുകൾ, നടത്തിക്കൊണ്ടുപോകുമ്പോൾ അവിടെ കാർഷികമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുവാൻ കൂടുതലധികാരങ്ങൾ കൊടുക്കാതിരിക്കുക എന്നുവരുന്നു, തീർച്ചയായും ജനാധിപത്യതത്വത്തെ മാനിക്കുന്നതിനുപകരം അവഹേളിക്കുന്നു എന്നേ വരൂ.

ഈ ആക്ടിൻപ്രകാരം പെറ്റി ഇറിഗേഷൻ എന്നുള്ളതിന്റെ നിർവചനം താഴെ കാണുംപ്രകാരമാണു്.

"Petty irrigation work" includes all irrigation works irrigating or useful for the drainage or protection of an extent of not over five acres."

വെറും അഞ്ചേക്കറിൽ താഴെയുള്ള സ്ഥലങ്ങളിലെ ഡ്രെയിനേജും സംരക്ഷണവും മാത്രമെ പെറ്റി ഇറിഗേഷൻ കൊണ്ടുദ്ദേശിക്കുന്നുള്ളൂ. ഇത്രയെറ്റവും പരിമിതമായ സ്ഥലത്തിനുള്ള അധികാരം മാത്രം പഞ്ചായത്തിനു് കൊടുക്കുകയെന്നുവച്ചാൽ, കാർഷികപ്രധാനമായ മറ്റു കാര്യങ്ങൾ ചെയ്യുവാനുള്ള അധികാരം അവർക്കു് ഇല്ലാതാക്കുകയെന്നുള്ളതായിരിക്കും ഫലം. അങ്ങനെ കർഷകരോടു് ആവശ്യപ്പെടുന്നതും, കാർഷിക പ്രതിനിധികളോടു് പറയുന്നതും ഏറ്റവും ദ്രോഹകരമായ ഒരു പ്രവൃത്തിയാണെന്നുള്ളതിനു് സംശയമില്ല. പെറ്റി ഇറിഗേഷൻ, മൈനർ ഇറിഗേഷൻ തുടങ്ങിയുള്ള കാര്യങ്ങൾ ഏറ്റവും കാര്യക്ഷമതയോടുകൂടി ചെയ്യുവാനുള്ള കഴിവു് പഞ്ചായത്തുകൾക്കാണു്. ജനാധിപത്യത്തെ മാനിക്കുന്ന ആക്ടും പഞ്ചായത്തുകൾക്കു് കൂടുതലധികാരം നൽകുന്നതിൽ അതൃപ്തപ്പെടുകയില്ല. അതുകൊണ്ടു് ഈ ഭേദഗതിയെ അംഗീകരിക്കുവാനുള്ള സന്നദ്ധത ഈ സഭ പ്രകടിപ്പിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. ഹോർമിസ് : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. മൈനർ ഇറിഗേഷൻ ഇരുന്നൂറ് ഏക്കർവരെ സ്ഥലത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ്. ഈ പ്രദേശം ഒരു പഞ്ചായത്തിന്റെ അധികാരത്തിയിൽ മാത്രം ഉള്ളതായിരിക്കണമെന്നില്ല. ഒന്നിലധികം പഞ്ചായത്തുകളുടെ അധികാരപരിധിയിൽ ഉൾപ്പെട്ട പ്രദേശങ്ങളാകാം. സെക്ഷൻ 10-ൽ പറഞ്ഞിരിക്കുന്നതും ആലോചിക്കേണ്ടതുണ്ട്. സെക്ഷൻ 10-ൽ പറയുന്നതു്,

"It shall be the duty of the irrigation officer to periodically inspect all petty and minor irrigation works situated within the local limits of his jurisdiction and to report to the Collector the condition of those works."

എന്നാണു്. ഇറിഗേഷൻ ആഫീസറന്മാരാണു് മെയിൻറനൻസും മറ്റു കാര്യങ്ങളും അന്വേഷിച്ചു റിപ്പോർട്ടു് ചെയ്യുന്നതു്. ഏതെങ്കിലും ഒരു പഞ്ചായത്തു് അതിർത്തിയിലുള്ള പെറ്റി ഇറിഗേഷനോ മൈനർ ഇറിഗേഷനോ മെയിൻറനൻസുകൾ ആവശ്യമെന്നു കണ്ടാൽ ഈ ഉദ്യോഗസ്ഥന്മാർ കളക്ടർക്കു് റിപ്പോർട്ടു് ചെയ്യും. പഞ്ചായത്തു ചെയ്യേണ്ടതാണെങ്കിൽ പഞ്ചായത്തിനോടു ചെയ്യുവാൻ ആവശ്യപ്പെടും. പഞ്ചായത്തു് അതു് ചെയ്യുന്നില്ലെങ്കിൽ ഗവണ്മെൻറ് അക്കാര്യത്തിൽ നടപടിയെടുക്കുമെന്നാണു് ബില്ലിൽ പറഞ്ഞിരിക്കുന്നതു്. ഈ വ്യവസ്ഥ ജനാധിപത്യതത്ത്വത്തിനു് എങ്ങനെ വിരുദ്ധമാകുമെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ചുരുക്കത്തിൽ ഉദ്യോഗസ്ഥന്മാർ പെറ്റി ഇറിഗേഷനെ സംബന്ധിച്ചും, മൈനർ ഇറിഗേഷനെ സംബന്ധിച്ചും ഉള്ള കാര്യങ്ങൾ അന്വേഷിക്കുകയും അതിനെപ്പറ്റി റിപ്പോർട്ടുചെയ്യുകയും ഗവണ്മെൻറ് നേരിട്ടു ചെയ്യേണ്ടതുണ്ടെന്നു് കാണുന്ന കാര്യങ്ങൾ ഗവണ്മെൻറിനെക്കൊണ്ടു് ചെയ്യിക്കുകയും പഞ്ചായത്തു ചെയ്യേണ്ടതു് പഞ്ചായത്തിനോടു് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ എവിടെയാണു് ജനകീയസ്വഭാവം നഷ്ടപ്പെടുന്നതു് എന്നു ഞാൻ ചോദിക്കുന്നു. അതുകൊണ്ടു് നാലാം വകുപ്പിൽ ഭേദഗതി ആവശ്യമില്ല. മാത്രമല്ല, ഇരുന്നൂറ് ഏക്കറിനെ സംബന്ധിച്ചുള്ള ജലസേചനകാര്യം ഒരു പഞ്ചായത്തിനു വിട്ടുകൊടുക്കുന്നപക്ഷം പലവിധമായ തർക്കങ്ങൾക്കും വഴക്കുകൾക്കും ഇടവരുത്തും. ജോലി നടക്കുന്നതിനെത്തന്നെ വിഘാതമായിത്തീർന്നേക്കാം. പെറ്റി ഇറിഗേഷനിൽ അഞ്ചേക്കർ സ്ഥലമെന്നുള്ള എന്നെ ബഹുമാന്യസ്നേഹിതൻ പറയുകയുണ്ടായി. അതുപോരെങ്കിൽ പത്തേക്കറെന്നോ, പതിനഞ്ചേക്കറെന്നോ ഒരു ഭേദഗതി കൊണ്ടുവരികയായിരുന്നു വേണ്ടതു്. അല്ലാതെ സെക്ഷൻ നാലിൽ ഒരു ഭേദഗതി അവതരിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു.

SHRI P. S. NATARAJA PILLAI : I realise what my Hon'ble friend, the member who just spoke, said in opposition to this amendment. But taken all in all, if we want local effort to come in the field and to harness public support for this kind of work, it is better that the responsibility is squarely placed on the shoulders of the Panchayats. We are day to day approaching a state of affairs, a system of administration in which decentralisation is the most important principle that is adopted, centralised control and direction of executive agency, we feel Sir, have not produced that result which we expected. We are disillusioned of the efficacy of

LIBRARY ARCHIVES Kerala Legislative Assembly

executive administration. So we are building up Gram Panchayats not only in the field of agriculture but in industries as well. National Extension Blocks are based on the fundamental principle of local help and local initiative and it demands that even this kind of work, namely irrigation works, should be left to local initiative and local bodies. Village Panchayats constituted on the basis of adult franchise with wide powers have been brought into existence and year after year in our Budget additional amounts are placed at the disposal of the Panchayats. I think the Panchayat Department has a separate Engineering branch under them and that agency is there to supervise and give expert advice. Section 10 is provided on the basis of Collector's over all jurisdiction as representative of the Government in the District. I for one feel that in the existing development and trend of administration, the Local Bodies should be saddled with this responsibility in clear terms and by an enactment.

Then there is the question of minor and petty irrigation. As the mover of the amendment has told us 5 acre limit is indeed too small. One difficulty that was pointed out by the hon. Member who opposed the amendment was that the 200 acre limit will be an extensive stretch of land which will over-lie the boundaries of one or more Panchayats. There may be lands like that and it will not be difficult for the Panchayats to come to amicable settlement. The executive staff of the Panchayat Department can settle it amicably in the best interests of the people there. As a matter of fact 200 acres means 1,400 or 1,500 paras of paddy field which, I do not think, will always be lying on the borders of the Panchayats. There may be one or two cases like that and it will not be difficult to get matters adjusted amicably between the Panchayats. That division of jurisdiction is not of such vital importance as to stand in the way of accepting this amendment. "The construction, repair and maintenance of all petty irrigation works shall devolve upon the Panchayat within whose local limits such petty irrigation works are situated."

11 P. M.

So this duty or responsibility is by law placed on the Panchayats and if the Panchayat is going to neglect it, reaction will begin and that Panchayat will be replaced by other Panchayats which will really look into that matter. It is not like officers in permanent service being found fault with. Here there is the power of dismissal of the men

LIBRARY ARCHIVES Kerala Legislative Assembly

[SHRI P. S. NATARAJA PILLAI]

concerned. So let the House give a chance for the Panchayats to revive and work and I plead the Government Benches to revise their opinion in this line. If necessary let us make the necessary changes and then pass the amendment. I plead that this amendment must be seriously considered by every section of the House.

ശ്രീ. കെ. ഇ. വേലായുധൻ: സർ, ബഹുമാനപ്പെട്ട മെംബർ ശ്രീ. പി. എസ്. മാധവൻപിള്ള ഇവിടെ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു. അദ്ദേഹം പറയുന്നത് മൈനർ ഇറിഗേഷൻ വർക്കുകൾ പഞ്ചായത്തുകളെ ഏൽപ്പിക്കണമെന്നാണ്. അങ്ങനെ പൊറി ഇറിഗേഷനും, മൈനർ ഇറിഗേഷനും പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിൽ ഗവണ്മെൻറിനു വിരോധമുണ്ടോ എന്നതാണ് അദ്ദേഹം പറയത്തക്ക വിരോധമൊന്നും ഗവണ്മെൻറിനു് ഇല്ലെന്നുള്ളതാണ്. എന്നാൽ പഞ്ചായത്തുകളുടെ ഇന്നത്തെ നിലവാരം അനുസരിച്ച് ഈ ജോലികൾ പഞ്ചായത്തുകളെക്കൊണ്ടു് വഹിപ്പിക്കുന്നതാണോ എന്നു് ഒന്നു ചിന്തിക്കേണ്ടതാണ്. എന്റെ അഭിപ്രായത്തിൽ ഭീമമായ തുകയും ചെലവു വരുന്ന ഈ ജോലികൾ ഏറെടുത്തു നടത്തുന്നതിനുള്ള സാമ്പത്തിക ശേഷി മാത്രമല്ല അവയ്ക്കു് ആവശ്യമായ വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാർ, വിദഗ്ദ്ധോപദേശം ഇവയെല്ലാം ലഭിക്കുന്നതുവരെ ഗവണ്മെൻറുതന്നെ നടത്തുന്നതായിരിക്കും ഉത്തമമെന്നാണ്. ഇതിനുതന്നെ സാവത്തികമായ പരാധീനത പഞ്ചായത്തുകൾക്കുണ്ടാകുമെന്നു്. അതിനെയിരുക്കെ 200 ഏക്കർ ഉള്ള പദ്ധതികളും മറ്റും കൈകാര്യം ചെയ്യാൻ പഞ്ചായത്തുകൾക്കു സാധിക്കുമോ എന്നു് തോന്നുന്നില്ല. അതുകൊണ്ടാണ് ഗവണ്മെൻറുതന്നെ ഈ ചുമതല വച്ചുകൊണ്ടിരിക്കുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു് ഇറിഗേഷൻ വർക്കുകൾ നടത്തുന്നതിലേക്കു് ആവശ്യമായ ടെക്നിക്കൽ ഹെൽപ്പ് ഗവണ്മെൻറു ചെയ്തുകൊടുത്താൽ മതിയെന്നു മാത്രമല്ലേ?

ശ്രീ. കെ. ഇ. വേലായുധൻ: അതുമാത്രമല്ല ഞാനുദ്ദേശിക്കുന്നതു്. പൊറി ഇറിഗേഷനും, മൈനർ ഇറിഗേഷനും വർക്കുകൾ പഞ്ചായത്തുകൾ ഏറ്റെടുത്തുകഴിഞ്ഞാൽ ടെക്നിക്കൽ ഹെൽപ്പ് ഗവണ്മെൻറിൽനിന്നും ഉണ്ടായിരുന്നാൽ തന്നെയും അവ കൊണ്ടു അവ നടത്താൻ സാധിക്കയില്ലെന്നാണ് ഗവണ്മെൻറു വിചാരിക്കുന്നതു്. പഞ്ചായത്തുകൾ സംസ്ഥാനത്തു് എർപ്പെടുത്തിയിട്ടുള്ളതുതന്നെ ജനകീയ സിദ്ധാന്തത്തെ പുലർത്താനും, പുരോഗമിപ്പിക്കുവാനും വേണ്ടിയാണ്. അങ്ങനെ ഒരു ആദർശം പുരോഗമിക്കുമെങ്കിൽ അതനുസരിച്ചു് ഒരന്തരീക്ഷം സൃഷ്ടിച്ചെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് ഞാൻ പറയുന്നതു് മേൽ വർക്കുകൾ നടത്തുന്നതിനു കഴിവു് പഞ്ചായത്തുകൾക്കുണ്ടാകുന്നതുവരെ ആ ഭാരം ഗവണ്മെൻറുതന്നെ നിർവ്വഹിക്കുന്നതായിരിക്കും നല്ലതെന്നു്. ഈ ബില്ലിൽ സെക്ഷൻ (6)-ൽ പറഞ്ഞിരിക്കുന്നതു്,

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും മൈനർ ഇറിഗേഷൻ ഏറ്റെടുത്തു നടത്തണമെന്നു് ഏതെങ്കിലും പഞ്ചായത്തുകൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതതു ഡിസ്ട്രിക്ട്കളക്ടറെ സമീപിച്ചു് അദ്ദേഹത്തിന്റെ അറിവോടും അനുവാദത്തോടുംകൂടി നടത്താമെന്നാണു്. എന്നല്ലാതെ 200 ഏക്കറോളമുള്ള പഞ്ചായത്തിനെ ഏൽപ്പിക്കുന്നതു് വിപൽക്കരമായിരിക്കുമെന്നാണു് എന്റെ അഭിപ്രായം. ഞാൻ ആ കാരണങ്ങളാൽ ഭേദഗതിയെ എതിർക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. കെ. എ. കേരളൻ : മൈനർ ഇറിഗേഷൻ എന്നു് ഗവണ്മെൻറ് വിചാരിക്കുന്നതു് 200 ഏക്കർ വരുന്ന സ്ഥലങ്ങളെ സംബന്ധിച്ചു മാത്രമല്ലേ?

ശ്രീ. കെ. ഐ. വേലായുധൻ : 5 മുതൽ 200 ഏക്കർ വരെ ഉള്ള സ്ഥലങ്ങളെ സംബന്ധിച്ചാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : 5 മുതൽ 200 വരെയുള്ള ഏതു സംഖ്യയും മൈനർ ഇറിഗേഷൻ വകുപ്പിൽ പെടുകയില്ലേ?

ശ്രീ കെ. ഐ. വേലായുധൻ : 5 മുതൽ 200 ഏക്കർ വരെയുള്ള സ്ഥലങ്ങളും മൈനർ ഇറിഗേഷനിൽ ഉൾപ്പെടുത്തിയിരിക്കുകയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : സർ, ഈ പറഞ്ഞ ആക്ഷേപങ്ങളൊന്നും എന്റെ ഭേദഗതിക്കുമേൽ പിൻവലിക്കണമെന്നു് ഞാൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രായോഗികമായ അനുഭവത്തിന്റെ വെളിച്ചത്തിലാണു് ഞാൻ ഭേദഗതിയെ അവതരിപ്പിക്കുന്നതു്. സർ, കുന്നത്തൂർ താലൂക്കിൽ പടിഞ്ഞാറെ കല്ലട എന്നൊരു സ്ഥലമുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിക്കു ഒരുപക്ഷേ സ്ഥലത്തെപ്പറ്റി അത്ര നിശ്ചയമില്ലായിരിക്കും. അവിടെ 1950–ൽ ഒരു ആയിരം ഏക്കർ സ്ഥലം ഒരുപ്പുകൃഷി ചെയ്യുകൊണ്ടിരുന്നതിനെ ഇരുപ്പുകൃഷിയാക്കാനുള്ള ഒരു സ്കീം തുടങ്ങി. അതിലേക്കു ഏകദേശം ഒന്നര ലക്ഷം രൂപ ചെലവാക്കുകയും ചെയ്തു. ഏതാണ്ടു് ഏഴായിരപ്പറ നിലമാണു് ഇത്തരത്തിൽ കൃഷിനടത്താൻ ഉദ്ദേശിച്ചിരുന്നതു്. ഇത്രയും തുക ചിലവാക്കിയതുമൂലം ഇരുപ്പുകൃഷി മാത്രമല്ല ഒരുപ്പുകൃഷി തന്നെയും അവിടെ നടത്താൻ സാധിക്കാതെയാണു് വന്നിട്ടുള്ളതു്. ഒരു വമ്പിച്ച തുക ചെലവാകുകയിട്ടുണ്ടു്. മാത്രമോ, ഇറിഗേഷൻ ഇഞ്ചിനീയർമാർ ഉണ്ടു്, മറ്റു വിദഗ്ദ്ധന്മാരായ ആഫീസർമാരുണ്ടു്, മന്ത്രിമാരുണ്ടു്, ഇങ്ങനെ പലരും ഉണ്ടു്. എങ്കിലും ഇപ്പറഞ്ഞ ആഫീസർമാരോ, മന്ത്രിമാരോ, ആരും ആ സ്ഥലത്തു ഇതുവരെയും ഒന്നു് ശ്രദ്ധിക്കുകപോലും ചെയ്തിട്ടില്ല. ആ സ്ഥിതിക്കു ഇത്തരത്തിലുള്ള വൻതുകകൾ ചെലവാക്കുന്നതുകൊണ്ടു് ഈ ഗവണ്മെൻറിനും, നാട്ടുകാർക്കും, എന്താണു് പ്രയോജനം ഉണ്ടാകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതു് ഒരുദാഹരണം മാത്രം. ഇതുപോലെ ഉദാഹരണങ്ങൾ ഇനിയും വേണമെങ്കിൽ പറയാം. നേരത്തെ പടിഞ്ഞാറെ കല്ലടപഞ്ചായത്തിനു ഈ കാര്യത്തിൽ മുൻകൈയെടുത്തു പ്രവർത്തിക്കുവാനുള്ള അവസരവും അധികാരവും ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായും ഇതിനെ സംബന്ധിച്ചു് ഇത്തരത്തിൽ ഒരു തോൽവി ഉണ്ടാകുകയില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ പഞ്ചായത്തുകളിൽ ഇന്നു നിക്ഷിപ്തമായിട്ടുള്ള തുച്ഛമായ അവകാശങ്ങളും അധികാരങ്ങളും വച്ചുകൊണ്ടു് അവർ ഗവ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ആർ. മാധവൻപിള്ള]

മെമ്പർ ആഫീസർമാരെ സമീപിക്കുകയും അതുപോലെ തന്നെ ഗവണ്മെന്റിനെ സമീപിക്കുകയും കാര്യനടത്തിപ്പിനുള്ള സകലകഴിവുകളും പ്രയോഗിക്കുകയും ചെയ്യുമായിരുന്നു. വാസ്തവത്തിൽ അങ്ങനെയുള്ള ഒരു സന്ദർഭം അവർക്കു നഷ്ടമായതുകൊണ്ടാണ് ഇത്രയും നിലം ഒരുപ്പുകൃഷിപോലും നടത്താൻ സാധ്യമല്ലാതെ വന്നിട്ടുള്ളത്. അതുകൊണ്ട് എനിക്കു പറയാനുള്ളത് ഇങ്ങനെയുള്ള ജോലികൾ നടത്തിക്കാൻ പഞ്ചായത്തുകൾക്കു ഇപ്പോഴുള്ളതിൽ കൂടുതൽ അധികാരംകൂടി നൽകുന്നതായാൽ ആ അധികാരവും, അവകാശവും വച്ചുകൊണ്ട് ആഫീസർമാരെ സമീപിച്ച് കൂടുതൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുകയും, തള്ളാരാ, കൂടുതൽ വക്കുകൾ നടത്താൻ സാധിക്കുകയും ചെയ്യുമെന്നാണ്. എന്നാൽ ഇന്ന് 200 ഏക്കർ സ്ഥലം കരിടത്തുണ്ടെങ്കിൽ അവയെ നന്നാക്കി തയ്യാറാക്കി അഞ്ചോ പത്തോ നിലമാക്കുകയും ആ നിലത്തിൽ ശരിയായവിധം ജലസേചനം ചെയ്തു കൃഷിക്കുപകാരപ്രദമാക്കാൻ തക്കവണ്ണമുള്ള സകലവിധ സഹായസഹകരണങ്ങളും ആവശ്യപ്പെടുകയും ചെയ്യത്തക്കവണ്ണം ഉള്ള ഒരു നിലവാരം പഞ്ചായത്തുകൾക്ക് ഇല്ലാതാണിരിക്കുന്നത്. ഇതിനിടയിൽ ഇവിടെ ഒരു ചോദ്യമുണ്ടായതു, 200 ഏക്കർ സ്ഥലം രണ്ടു പഞ്ചായത്തുകളുടെ ഇടയ്ക്ക് വന്നാൽ ഏതു പഞ്ചായത്താണ് അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതെന്നും മറ്റുമാണ്. സർ, എന്തായാലും ഈ 200 ഏക്കർ കൃഷി ചെയ്യുന്നതു പഞ്ചായത്തുകൾ തന്നെയല്ലേ എന്നും അവ എതെങ്കിലുമൊരു പഞ്ചായത്തു ചെയ്തുകൊള്ളട്ടെയെന്നും നമുക്കു സമാധാനിക്കാവുന്നതാണ്. അങ്ങനെ ഈ രാജ്യത്തു തരിശായി കിടക്കുന്ന വളരെയധികം ഭൂമികൾ പഞ്ചായത്തുകൾമുഖേന ഏറ്റെടുത്തു ഇറിഗേഷൻ വക്കു നടത്തി വിളവു വർദ്ധിപ്പിക്കുന്നതായാൽ ക്ഷേണ ക്ഷാമത്തിനുതന്നെ സാരമായ പരിഹാരം ഉണ്ടാകുമെന്നു മാത്രമല്ല, നാട്ടിൽ ക്ഷേമവും ഐശ്വര്യവും കൈവരികയും ചെയ്യും. ഈയൊരുദ്ദേശത്തോടുകൂടിയാണ് ഞാൻ എന്റെ ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു. അതുകൊണ്ട് എന്റെ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ പ്രസ്തുതം ചെയ്യുന്നു.

The amendment was put and lost.

SHRI P. R. MADHAVAN PILLAI: Sir, I demand a poll.

A poll was taken when the House divided as follows.

AYES—37

1 Shri A. Achuthan
2 „ C. C. Ayyappan
3 „ Baby John
4 „ K. A. Balan
5 „ K. Balakrishnan
6 „ R. Balakrishna Pillai
7 „ B. B. Pandarathil
8 „ Prakkulam Bhasi
9 „ P. Bhaskaran Nair
10 „ N. Chandrasekharan Nair
11 Shri K. Chandrasekhara Sastri
12 „ D. Damodaran Potti
13 „ T. K. Divakaran
14 „ K. C. George
15 „ P. Gopalan
16 „ C. Kochukunju
17 „ K. S. Krishnan Sastri
18 „ P. K. Kunjachan
19 „ P. Kunjan
20 „ Kuttappan Koickal

LIBRARY ARCHIVES Kerala Legislative Assembly

AYES—(*contd.*)

21 Shri P. R. Madhavan Pillai
22 „ P. Narayanan Potti
23 „ P. S. Nataraja Pillai
24 „ U. Neelakantan
25 „ N. Neelakantaru Pandarathil
26 „ M. P. Menon
27 „ C. K. Ramachandran Nair
28 „ P. Ravindran
29 Shri R. Sankaranarayanan Thampi
30 „ K. A. Sivarama Bharathy
31 „ V. Sridharan
32 „ R. Sugathan
33 Dr. P. K. Sukumaran
34 Shri A. Thanu Pillai
35 „ P. Viswambharan
36 „ D. Vivekanandan
37 „ P. K. Yesodharan

NOES—48

1 Shri K. C. Abraham
2 „ V. K. Achutha Menon
3 „ J. A. Bhatt
4 „ D. Anantharaman
5 „ M. A. Antony
6 „ K. K. Balakrishnan
7 „ T. O. Bava
8 „ N. G. Chacko
9 „ A. C. Chacko
10 „ K. M. Chandy
11 „ M. V. Cheriyan
12 „ A. Chidambaranatha Nadar
13 „ O. R. Chummar
14 „ T. T. Daniel
15 „ K. M. George
16 „ K. P. Gopala Menon
17 „ Panampilli Govinda Menon
18 „ K. P. Hormis
19 „ Idiculla Idiculla
20 „ A. J. John
21 „ V. J. Joseph
22 „ K. Karunakaran
23 „ P. Kesava Menon
24 „ T. T. Kesavan Sastry
25 „ K. Kochukuttan
26 Shri K. M. Korah
27 „ P. R. Krishnan
28 Dr. N. K. Kumaran
29 Shri A. Kunjan Nadar
30 Sry. T. C. Leela Devi Amma
31 Shri M. M. Mathai
32 „ C. A. Mathew
33 „ R. Ponnappa Nadar
34 „ A. A. Rahim
35 Dr. A. R. Menon
36 Shri P. Ramaswami Pillai
37 „ P. J. Sebastian
38 „ S. Seshadrinatha Sarma
39 „ A. M. Simon
40 „ P. Thanulingam Nadar
41 „ A. Thankiah
42 „ K. T. Thomas
43 Dr. P. T. Thomas
44 Shri K. I. Velayudhan
45 „ Kalathil Velayudhan Nair
46 „ T. M. Varghese
47 „ M. William
48 „ A. A. D. Luiz

Mr. DEPUTY SPEAKER : For the motion 37, against 48. The amendment is lost.

LIBRARY ARCHIVES Kerala Legislative Assembly

(Mr. Speaker in the Chair.)

SHRI A. A. D. LUIZ : I move the following amendment:

"In Clause 4 (2), after the words 'repaired or restored' and before the word 'wholly', add the words 'and maintained' ".

ശ്രീ. കെ. ഐ. വേലായുധൻ : ഈ ഭേദഗതിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതു് ആദ്യംതന്നെ ഞാൻ പറഞ്ഞിട്ടുണ്ടു്. ഈ കാര്യത്തെ പ്പറ്റി ക്ലാസ് നാലിലും, ക്ലാസ് അഞ്ചിലും പ്രത്യേകം പറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു് ഇതു ആവശ്യമില്ല.

MR. SPEAKER : Are you pressing your amendment, Mr. Luiz?

SHRI A. A. D. LUIZ : No, Sir.

The amendment was, by leave withdrawn.

SHRI P. R. MADHAVAN PILLAI: In Clause 4, sub-clause (3) at the end, add the words "or Rs. 3-8-0 per acre whichever is less".

നാലാം വകുപ്പു് മൂന്നാം ഉപവകുപ്പിൽ പറയുന്നതു്

"Such cess shall be fixed upon an acreage basis and so as to ensure to the Panchayat a return not exceeding 3 per cent. on the capital outlay after making provision for depreciation and maintenance." ഇതിൽ 'or Rs. 3/8 per acre whichever is less' എന്നുകൂടി ചേർക്കണമെന്നാണു് എന്റെ ഭേദഗതി. മൂന്നര രൂപയിൽ കൂടരുതു് എന്നാണു് എന്റെ ഭേദഗതികൊണ്ടു ഞാൻ ആവശ്യപ്പെട്ടിരിക്കുന്നതു്. ഇത്തരത്തിലുള്ള ഒരു ഭേദഗതി മറ്റു ക്ലാസുകളെ സംബന്ധിച്ചിടത്തോളം ശ്രീ. പി. എസ്സു്. നടരാജപിള്ളയും അവതരിപ്പിച്ചിട്ടുണ്ടു്. ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : ഞാൻ ഇതു് അംഗീകരിക്കുന്നു.

The amendment was put and carried.

SHRI A. A. D. LUIZ: My next amendment is the same as the amendment which has now been accepted. As that is accepted, I am not moving my amendment.

MR. SPEAKER: Are you moving your amendment, Mr. Gopala Menon?

SHRI K. P. GOPALA MENON: I am not moving my amendment.

The question that Clause 4 as amended stand part of the Bill was put and carried.

The clause as amended was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 5

SHRI A. A. D. LUIZ: I move—"In Clause 5 sub-clause (3), add "provided always that such cess shall not exceed Rs. 3-8-0 per acre per annum". In view of the fact that Rs. 3-8-0 per acre has already been accepted, I do not think there will be any difficulty in accepting this amendment also.

SHRI P. S. NATARAJA PILLAI: Mr. Luiz has moved an amendment to clause 5 (3). I have also tabled an amendment which is as follows:—"In Clause 5 (3) at the end, add the words 'or Rs. 3-8-0 per acre whichever is less'." I request the hon. Minister to accept it. I think I need not argue on that.

SHRI K. I. VELAYUDHAN: It is accepted.

The amendment was put and carried.

SHRI A. A. D. LUIZ: I move the following amendment. In Clause 5 (7), delete "(3)". I think that becomes necessary as a result of having accepted the previous amendment.

ശ്രീ. കെ. ഐ. വേലായുധൻ : ശ്രീ. ലൂയിസിന്റെ ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായും. ഈ ആക്റ്റ് നടപ്പിൽ വരുന്നതിനു മുമ്പ് ഗവണ്മെന്റിൽനിന്നുതന്നെ നടത്തിക്കൊണ്ടിരുന്ന ജലസേചനപദ്ധതികൾ ഉണ്ടായിരുന്നു. അവയിൽനിന്നും യാതൊരു വിധത്തിലുള്ള നികുതിയും ചുമത്തരുതെന്ന് ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ ഭേദഗതിയാണ് അംഗീകരിക്കുന്നതെങ്കിൽ സെസ്സ് ചുമത്താനാണ്. ഇതുണ്ടാകുന്ന വൈരുദ്ധ്യമുണ്ടാകയാൽ ഞാൻ സ്വീകരിക്കുന്നില്ല.

MR. SPEAKER: Do you press your amendment, Shri Luiz?

SHRI A. A. D. LUIZ: No Sir.

The amendment was, by leave withdrawn.

The question that clause 5, as amended, stands part of the Bill, was put and carried.

The clause, as amended, was added to the Bill.

Clause 6

SHRI A. A. D. LUIZ: I move the following amendment:—In Clause 6, delete the word 'may' between the words 'he' and 'cause a plan', and substitute the word 'shall'. This is only to make it imperative on the part of the Collector. This is only a very minor change.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : ശ്രീ. ലൂയിസിന്റെ ഈ ഭേദഗതിയേയും ഞാൻ എതിർക്കുന്നു. ഏതെങ്കിലും ഒരു ജലസേചനപദ്ധതി കൃഷിക്കാർക്ക് ആവശ്യമുള്ളപക്ഷം ആ വിവരം കളക്ടരെ അറിയിക്കുകയാണെങ്കിൽ അദ്ദേഹം അതു് അന്വേഷിച്ചു വേണ്ട അന്വേഷണം നടത്തി കാര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനുള്ള അധികാരം കളക്ടർക്ക് നൽകിയിട്ടുണ്ട്. ഈ ഭേദഗതി അംഗീകരിക്കുന്നപക്ഷം കലക്ടർ സമ്മർദ്ദം ചെലുത്തി അദ്ദേഹത്തെക്കൊണ്ട് പ്രവർത്തിപ്പിക്കാനുള്ള ഒരു സ്വാതന്ത്ര്യം പഞ്ചായത്തിനു ലഭിക്കുന്നുണ്ട്. അങ്ങനെ സമ്മർദ്ദം ചെലുത്താതിരിക്കുവാനും കലക്ടരുടെ അന്വേഷണത്തിനു സഹകരിക്കുന്നതിനുമാണ് ഈ വകുപ്പ് ഇപ്പോൾ ചേർത്തിട്ടുള്ളതു്. അതുകൊണ്ടു് ഭേദഗതി അംഗീകരിക്കാൻ നിവൃത്തിയില്ല

MR. SPEAKER : Mr. Luiz, do you press your amendment?

SHRI A. A. D. LUIZ : No, Sir.

The amendment was, by leave withdrawn.

The question that Clause 6 stands part of the Bill was put and carried.

Clause 6 was added to the Bill.

Clauses 7 to 9

The question that Clauses 7 to 9 stand part of the Bill was put and carried.

Clauses 7 to 9 were added to the Bill.

Clause 10

SHRI P. R. MADHAVAN PILLAI : I do not wish to move my amendment.

SHRI P. RAVINDRAN : SIR, I move :

Recast Clause 10 as follows :—

"It shall be the duty of the Irrigation Officer to periodically inspect all petty and minor irrigation works situated within the local limits of his jurisdiction and to report to the Collector the condition of minor irrigation works and to the Panchayat the condition of petty irrigation works. If any work is to be executed for the satisfactory maintenance of those works, the Collector may, in the case of a minor irrigation work, execute the work at the cost of the Government and with their sanction and the Panchayat may in the case of petty irrigation work, execute the work at the cost of the Panchayat."

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഭേദഗതി അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ച കാരണങ്ങൾ ഇതാണ്. അഞ്ചേക്കറും അതിൽ താഴെയുമുള്ള സ്ഥലങ്ങൾ ജലസേചനം ചെയ്യുന്നതിനുള്ള ചുമതലകൾ പഞ്ചായത്താണ് വഹിക്കേണ്ടതെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്.

"The construction, repair and maintenance of all petty irrigation works shall devolve upon the Panchayat....."

അങ്ങനെ പെറ്റി ഇറിഗേഷൻ വർക്കുകളെ സംബന്ധിച്ചിടത്തോളം ഇതുമായുള്ള ജോലികൾ ചെയ്യുവാനും മെയിന്റനൻസിനുള്ള അധികാരങ്ങളും പഞ്ചായത്തിനാണ് കൊടുത്തിട്ടുള്ളത്. ക്ലാസ് 10 അനുസരിച്ച് മൈനർ ഇറിഗേഷനും പെറ്റി ഇറിഗേഷനും അതിന്റെ മെയിന്റനൻസും സംബന്ധിച്ചുള്ള കാര്യങ്ങൾ കളക്ടറെ അറിയിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. പെറ്റി ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ആ ജോലി ചെയ്യുന്നതിനും ഇത്ര ദിവസത്തിനകം ചെയ്യണമെന്നു പഞ്ചായത്തിനോട് ആവശ്യപ്പെടുക എന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. പെറ്റി ഇറിഗേഷൻ വർക്കിനെ സംബന്ധിച്ചിടത്തോളം സർവ്വ ചുമതലയും പഞ്ചായത്തിനെ കൊടുക്കണമെന്നും മൈനർ ഇറിഗേഷൻ വർക്കിന്റെ ചുമതല കളക്ടർക്ക് കൊടുക്കണമെന്നുമുള്ളതാണ് എന്റെ ഭേദഗതി. അല്ലാതെ കളക്ടർക്ക് പെറ്റിവർക്സിനെ സംബന്ധിച്ചുള്ള മെയിന്റനൻസിന്റെ ചുമതല കൊടുക്കുന്നതു ശരിയല്ല. കാരണം അഞ്ചേക്കറോ അതിനു താഴെയോ ഉള്ള ഇറിഗേഷൻ വർക്കുകളുടെ ചുമതല പഞ്ചായത്തിനുണ്ടായിരിക്കേ ഈ മെയിന്റനൻസ് ചെയ്യുന്നതിനുള്ള അധികാരം കളക്ടർക്ക് കൊടുക്കുമെന്നു പറയുന്നതു ശരിയല്ല. പെറ്റി ഇറിഗേഷൻ വർക്കുകളെ സംബന്ധിച്ച് പഞ്ചായത്തിലേയ്ക്കു റിപ്പോർട്ടു ചെയ്യുകയും അവർ അതു ചെയ്യുന്നതിനു നിർദ്ദേശിക്കുകയും ചെയ്യുക എന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. മാത്രമല്ല, കളക്ടർ വളരെ ജോലിത്തിരക്കുള്ള ഒരാളുമാണ്. ആ ജോലികൾ ചെയ്യുന്നതിനു പഞ്ചായത്ത് ആക്ടിന്റെ 38-ാം വകുപ്പനുസരിച്ച് ഇന്നു അധികാരം പഞ്ചായത്തിനു നൽകുന്നുണ്ട്. ഇന്നു ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ ഇടപെടൽ എല്ലാ പഞ്ചായത്തുകളിലുമുള്ളതുകൊണ്ടുകൂടിയാണ് ഞാനിതു പറയുന്നതു. ഇന്നു നിരവധി ഉദാഹരണങ്ങൾ അതിനുണ്ടായിൽപ്പെടുത്താൻ കഴിയും. എങ്കിലായിരുന്നാലും ഈ പെറ്റി ഇറിഗേഷൻ വർക്കുകൾ സംബന്ധിച്ചുള്ള റിപ്പോർട്ടു പഞ്ചായത്തിനു കൊടുത്താൽ അവ ചെയ്യുവാൻ സാധിക്കും. അഞ്ചേക്കറും അതിൽ കുറവുമുള്ള സ്ഥലങ്ങളുടെ കാര്യമാണിതു. പഞ്ചായത്തുകൾക്കു നിർദ്ദേശം കൊടുക്കാം എന്നുള്ള ഭേദഗതി എടുത്തുകളയുന്നതു പഞ്ചായത്തുകളിൽ ഇരിക്കുന്ന ഗവണ്മെന്റുദ്യോഗസ്ഥന്മാരുടെ ഇടപെടൽ തടയുന്നതിനു സഹായകരമായിരിക്കും. ഈ അടുത്ത കാലത്തു ഇതു സംബന്ധിച്ചു ലോക്കൽബോഡീസ് ഡയറക്ടറുമായി സംസാരിച്ചപ്പോൾ ഈ രാജ്യത്തു 550 നാട്ടുരാജാക്കന്മാരെ സൃഷ്ടിക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നില്ല എന്നാണ് പറഞ്ഞതു. അതു മാത്രമല്ല, പഞ്ചായത്തിൽനിന്നും നടപ്പാക്കുന്ന ചില നിസ്സാരകാര്യങ്ങളിൽ ഗവണ്മെന്റിൽനിന്നും ഇടപെട്ടു വരുന്നതായും ഉദാഹരണങ്ങളുണ്ട്. ഒരു തെരുവുവിളക്കിന്റെ കാര്യത്തെ സംബന്ധിച്ചുകൂടി ഗവണ്മെന്റ് ഈ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രവീന്ദ്രൻ]

പെടുകയുണ്ടായി. അതായത് ഒരു തെരുവുവിളക്കിന്റെ കാര്യത്തിൽ ഒരു വ്യക്തിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്ര നിസ്സാരമായ കാര്യങ്ങളിൽ കളക്ടരുടെ അധികാരം നടത്തുന്നതിനു് ഇട നൽകാതെ ഇതുപോലുള്ള നിയമനിർമ്മാണം നടത്തണമെന്നാണ് എനിക്കു പറയാനുള്ളതു്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്.

SHRI A. THANU PILLAI: Sir, may I make one suggestion to the Hon. Member who has moved this amendment. Of course, from the theoretical point of view what he suggested in the amendment is quite sound, but at this stage of Panchayat administration in our State I am inclined to think, Sir, that even at the risk of derogating from the democratic character of the Panchayats—I mean powers to be given to these Panchayats—I would support the clause as contained in the Bill.

There may be in a Panchayat two sections. I know, for instance, certain Panchayats where one or two members form one section. This minority is not supported by the majority section in the Panchayats so much so certain areas are likely to be neglected. The provision in the Bill as settled by the Select Committee, therefore, empowers the irrigation officer to interfere in certain cases where there is obvious neglect by certain Panchayats in executing works required for the satisfactory maintenance of the irrigation system. So, I request Shri Ravindran not to press this amendment. Later, it will be time for us to cut off the interference by an outside officer in the administration of the Panchayats. But, as things are being conducted by the Panchayats today, I think, it is better that the provision in the Bill as settled by the Select Committee is allowed to remain. It is not likely to lead to any harm beyond that there is some kind of an inroad into the powers of the Panchayats—that is, only in cases where irrigation works which seem to be urgent and necessary are neglected by the Panchayats. Therefore, I suggest that this amendment be withdrawn.

SHRI R. SANKARANARAYANAN TAMPI: Is it not more correct that the officer moves to the Panchayat in the first instance, and only after failing there he appeals to the Collector?

SHRI A. THANU PILLAI: There is no harm in that.

LIBRARY ARCHIVES Kerala Legislative Assembly

SHRI P. S. NATARAJA PILLAI: But, his amendment is not to that effect.

SHRI A. THANU PILLAI: As soon as the report is received from the Officer, the Collector is not to order the execution of the work. First he must ask the Panchayat to execute the work. It is only in cases where the Panchayats fail to take action in the matter of execution of the work, need the Collector intervene.

SHRI R SANKARANARAYANAN TAMPI : In this case, the Collector is given power in the first instance to do a certain thing. That is what is objected to.

SHRI A. THANU PILLAI: The wording in the clause is: "If the Collector finds that any work is to be executed for the satisfactory maintenance of any petty or minor irrigation work he may, in the case of a minor irrigation work, execute the work at the cost of the Government and with their sanction, and in the case of a petty irrigation work, require the Panchayat concerned to execute the work within such time as may be fixed by him."

SHRI R. SANKARANARAYANAN TAMPI: So, the party which wants a particular work to be executed need not go to the Collector?

SHRI A. THANU PILLAI: Certainly not. The Panchayat is at liberty to take up any work and execute it. Only in case a particular work which is to be urgently done is neglected and the irrigation officer concerned thinks that its execution or execution of the repairs are necessary that he reports to the Collector to ask the Panchayat to execute that work.

SHRI R. SANKARANARAYANAN TAMPI: Why not the officer in the first instance report to the Panchayat instead of reporting to the Collector?

SHRI A. THANU PILLAI: That is only a detail in the matter of procedure. I do not object to that. The question is, if the Panchayat does not execute the work, who is to report to the Collector? The Panchayat is not bound to report to the Collector. It is the officer who should do it. I, therefore, think that the provision in the Bill may stand.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഈ ഒരു വ്യവസ്ഥയുള്ളതുകൊണ്ട് പഞ്ചായത്തുകൾക്ക് അധികാരം കുറയുന്നതോ കളക്ടർക്ക് അധികാരം കൂടുന്നതോ പ്രകടമായിട്ടില്ല. ബഹുമാനപ്പെട്ട രവീന്ദ്രൻ പറയുകയുണ്ടായി ഇതുമൂലം കളക്ടർ പഞ്ചായത്തുകളുടെ അധികാരത്തിൽ കൈകടത്തുമെന്ന്. അതു ശരിയല്ല. കളക്ടർക്ക് മൈനർ ഇറിഗേഷൻ സംബന്ധിച്ചും, പെറ്റി ഇറിഗേഷൻ സംബന്ധിച്ചും ഉടനെതന്നെ ഇത്ര ദിവസങ്ങൾക്കകം പണി ചെയ്യണമെന്നു പറയാൻ സാധിക്കും. ഉടനെതന്നെ കളക്ടർക്ക് ആ പണി നടത്താൻ സാധിക്കും. നേരെ മറിച്ച് പഞ്ചായത്തിനു യാതൊന്നും ചെയ്യാൻ സാധിക്കുകയില്ല. പഞ്ചായത്തുകൾക്ക് ആ അധികാരം കൊടുക്കുന്നപക്ഷം അവർ യഥാസമയം ആ വർക്കുകൾ ചെയ്യുകയില്ല. തൻമൂലം വളരെ വിഷമങ്ങൾക്കിടയാകും. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ്.

MR. SPEAKER: Do you press your amendment?

SHRI P. RAVINDRAN: Yes; I press the amendment.

The amendment was put and lost.

The question that clause 10 stands part of the Bill was put and carried.

Clause 10 was added to the Bill

Clause 11.

The question that clause 11 stands part of the Bill was put and carried.

The Clause was added to the Bill.

Clause 12.

SHRI P. R. MADHAVAN PILLAI: Sir, I move the following amendment:

Delete the words 'application of any proprietor or otherwise' in line 2 and 3, and substitute the following: —

"the report of the Panchayat concerned on application of any proprietor or otherwise."

ഒരുടമസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കളക്ടർ ഒരു വർക്ക് ഏറ്റെടുക്കുന്നതിനു പകരം അതു് ആവശ്യമാണെന്നു പഞ്ചായത്തിൽനിന്നു വരണമെന്നുള്ളതാണ് ഭേദഗതിയുടെ ഉദ്ദേശം. ഈ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. ഏതെങ്കിലും വിധത്തിലും മേജർ പദ്ധതി ഏറ്റെടുക്കണമെങ്കിൽ പഞ്ചായത്തിനു റിപ്പോർട്ട് ചെയ്യാൻ അധികാരം കൊടുത്തിട്ടുണ്ട്. എല്ലാ പഞ്ചായത്തിനും ഇതു സംബന്ധിച്ച് റിപ്പോർട്ട് കൊടുക്കാനും കളക്ടർ അന്വേഷണം നടത്താനും സാധിക്കും. അതുകൊണ്ട് ഈ ഭേദഗതിയുടെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

The amendment was put and lost.

The question that Clause 12 stands part of the Bill was put and carried.

Clause 12 was added to the Bill.

Clause 13.

SHRI P. S. NATARAJA PILLAI: Sir, I move: "In Clause 13, after the sentence ending with the words 'specified in the notice', insert the following sentence:—

"Such notice shall also be served upon the proprietors concerned."

The object of amendment is to give a chance to the proprietors concerned to put up their objections if any, before the Collector.

ശ്രീ. ടി. വി. വേലായുധൻ : ഭേദഗതിയോട് യോജിക്കാൻ നിവൃത്തിയില്ല. മേജർ ഇറിഗേഷൻ പദ്ധതി വളരെ അധികം സ്ഥലങ്ങളെ ബാധിക്കുന്നതാണ്. അതിൽ ഉൾപ്പെട്ടിട്ടുള്ള പ്രൊപ്രൈറേഴ്സ് വളരെ അധികംവരും. അവർക്ക് എല്ലാവർക്കും നോട്ടീസ് കൊടുക്കുക എന്നുള്ളതു് ഒരിക്കലും പ്രായോഗികമല്ല. അതുകൊണ്ടാണ് മേജർ ഇറിഗേഷൻ വർക്ക് ഇതി പെടുത്താത്തതു്. നേരെ മറിച്ചു് മൈനർ ഇറിഗേഷന്റെ കാര്യത്തിൽ അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

SHRI P. S. NATARAJA PILLAI: Sir, I beg to withdraw my amendment.

The amendment was, by leave, withdrawn.

The question that clause 13 stands part of the Bill was put and carried.

Clause 13 was added to the Bill.

Clause 14.

The question that Clause 14 stands part of the Bill was put and carried.

Clause 14 was added to the Bill.

Clause 15.

SHRI P. R. MADHAVAN PILLAI: Sir, I move:

"In clause 15, sub-clause (1), insert the words 'till the benefits accruing to the land ceases to exist' after the word 'work' and before the words 'the construction' in line 3, and delete the explanation to the sub-clause.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ആർ. മാധവൻ പിള്ള]

ഈ ഭേദഗതി അവതരിപ്പിക്കുന്നതിനു വ്യക്തമായ ഒരു ഉദ്ദേശമുണ്ട്. 1117-ലും മറ്റും ചിലയിടത്തു ചില കളങ്ങൾ കഴിക്കുകയും തോട് വെട്ടുകയും അണ കെട്ടുകയും മറ്റും ചെയ്തിട്ടുണ്ട്. അതുമുതൽ ഇന്നുവരെയുള്ള പത്തുപതിമൂന്നു വർഷത്തെ വെള്ളക്കരം ഒന്നിച്ചു കൊടുക്കണമെന്നു നോട്ടീസ് സെർവ് ചെയ്തിട്ടുണ്ട്. ഇപ്പോഴാണെങ്കിൽ അന്നു കെട്ടിയ കളം നികന്നും, അണക്കെട്ട് പൊളിഞ്ഞും എല്ലാം ആളുകൾക്കു ഉപയോഗമില്ലാതായി തീർന്നിട്ടുണ്ട്. അങ്ങിനെയുള്ള സ്ഥലത്തുള്ളവർ വെള്ളക്കരം കൊടുക്കണമെന്നാണ് നോട്ടീസു വന്നിട്ടുള്ളതു്. വെള്ളക്കരം ഈടാക്കാൻ ഗവണ്മെൻറിനു് അധികാരമുണ്ടാകുന്നതു് ജലസേചനപദ്ധതികൊണ്ടു് അതായതു സ്ഥലത്തു പ്രയോജനമുള്ള കാലത്തോളം മാത്രമേ ആകാവൂ എന്നാണു് ഞാൻ പറയുന്നതു്. അല്ലെങ്കിൽ അതൊരു വലിയ ദ്രോഹമായിരിക്കും. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. മേജർ ഇറിഗേഷൻകൊണ്ടു് ഇന്ന സ്ഥലത്തെല്ലാം പ്രയോജനം കിട്ടുമെന്നുള്ള ഉദ്ദേശത്തിലാണു് പദ്ധതികൾ പ്രവർത്തിക്കുന്നതു്. പെറ്റി ഇറിഗേഷൻകൊണ്ടു് വെള്ളം കിട്ടിയില്ല എന്നു പറയുന്നതുപോലെ മേജർപദ്ധതികളെപ്പറ്റി പറയുന്നതുശരിയല്ല. മാത്രമല്ല ആപ്രൊവൈസോ എടുത്തുകളയുന്നതു് ഒരിക്കലും ശരിയായ നടപടിയാണെന്നു എനിക്കു തോന്നുന്നില്ല. വൻകിട ജലസേചനപദ്ധതികൾകൊണ്ടു് വെള്ളം ഉപയോഗിക്കാനുള്ള സൌകര്യം കൃഷിക്കാരനുള്ളപ്പോൾ മനഃപൂർവ്വം വെള്ളം ഉപയോഗിക്കാതിരിക്കുകയാണെങ്കിൽ അതു ഗവണ്മെൻറിന്റെ കുറ്റമല്ല. അങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ആ കൃഷിക്കാരനെ ഒഴിവാക്കുന്നതു ശരിയല്ല. ഈ പദ്ധതികൾകൊണ്ടു് ജലസേചനം നടത്താൻ സാധിക്കുന്ന പ്രദേശങ്ങൾ ആദ്യം തന്നെ പ്രഖ്യാപിച്ചിരിക്കും. അവിടെയുള്ള ആളുകൾ വെള്ളം ഉപയോഗിക്കുന്നില്ലെങ്കിൽ അവരിൽനിന്നും സെസ്സു് ഈടാക്കാതിരിക്കണമെന്നു പറയുന്നതു് ശരിയല്ല.

ശ്രീ. പി. ആർ. മാധവൻ പിള്ള : ഈ ജലസേചന പദ്ധതികൊണ്ടു പ്രയോജനമില്ലാത്ത ആളുകളെ ഒഴിവാക്കണമെന്നാണു് ഞാൻ പറയുന്നതു്.

ശ്രീ. കെ. ഐ. വേലായുധൻ : ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല.

The amendment was put and lost.

SHRI P. R. MADHAVAN PILLAI : Sir I move:

In clause 15, sub-clause (2), at the end, add the words "or Rs. 3-8-0 per acre whichever is less."

മുമ്പു് ഇതുപോലെ ഒരു അമെൻഡുമെൻറ് അംഗീകരിച്ചിരുന്നു. ഇതും സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. ഐ. വേലായുധൻ : സ്വീകരിക്കാൻ നിവൃത്തിയില്ല. മൈനർ ഇറിഗേഷനും പെറ്റി ഇറിഗേഷനും ഇങ്ങനെ ഒരു ഭേദഗതി അംഗീകരിച്ചതു് ശരിയാണു്. ഇതു മേജർ ഇറിഗേഷനാണു്. വളരെ അധികം പണം ചെലവു ചെയ്തിട്ടുള്ളതുകൊണ്ടു് മെയിൻറനൻസിനുള്ള തുകയെങ്കിലും കിട്ടണം. അതുകൊണ്ടു് ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ആർ. മാധവൻ പിള്ള : കൃഷിക്കാരനു കൊടുക്കാനുള്ള കഴിവു കണക്കാക്കി ഇതു റേറ്റ് ഫിക്സ് ചെയ്യണമെന്നുള്ള എന്റെ ഭേദഗതി ഞാൻ പ്രസ്സു ചെയ്യുന്നു. അതുകൊണ്ട് ഭേദഗതി സഭ അംഗീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

The amendment was put and lost

SHRI P. R. MADHAVAN PILLAI : Sir, I demand a poll. A poll was taken when the House divided as follows :

AYES—25.

1	Shri C. C. Ayyappan	14	Shri Kuttappan Koickal
2	„ K. A. Balan	15	„ P. R. Madhavan Pillai
3	„ K. Balakrishnan	16	„ P. Narayanan Potti
4	„ R. Balakrishna Pillai	17	„ U. Neelakantan
5	„ B. B. Pandarathil	18	„ N. Neelakantaru Pandarathil
6	„ Prakkulam Bhasi	19	„ M. P. Menon
7	„ M. Bhaskaran Nair	20	„ P. Ravindran
8	„ K. Chandrasekhara Sastri	21	„ R. Sankaranarayanan Thampi
9	„ T. K. Divakaran	22	„ R. Sugathan
10	„ K. C. George	23	Dr. P. K. Sukumaran
11	„ P. Gopalan	24	Shri D. Vivekanandan
12	„ K. K. Krishnan Sastry	25	„ P. K. Yasodharan
13	„ P. K. Kunjachan		

NOES—57.

1	Shri K. C. Ahraham	16	Shri K. M. George
2	„ A. Achuthan	17	„ K. P. Gopala Menon
3	„ V. K. Achutha Menon	18	„ Panampilli Govinda Menon
4	„ J. A. Bhatt	19	„ K. P. Hormis
5	„ D. Anantharaman	20	„ Idiculla Idiculla
6	„ M. A. Antony	21	„ A. J. John
7	„ K. K. Balakrishnan	22	„ V. J. Joseph
8	„ T. O. Bava	23	„ K. Karunakaran
9	„ N. G. Chacko	24	„ P. Kesava Menon
10	„ N. Chandrasekharan Nair	25	„ T. T. Kesavan Sastry
11	„ K. M. Chandy	26	„ C. Kochukunju
12	„ M. V. Cheriyan	27	„ K. Kochukuttan
13	„ A. Chidambaranatha Nadar	28	„ K. M. Korah
14	„ O. R. Chummar	29	„ P. R. Krishnan
15	„ T. T. Daniel	30	„ K. Krishna Pillai
		31	Dr. N. K. Kumaran

LIBRARY ARCHIVES Kerala Legislative Assembly

Noes—(*contd.*)

32 Shri P. Kunjan
33 „ A. Kunjan Nadar
34 Smt. T. C. Leela Devi Amma
35 Shri P. M. Markose
36 „ M. M. Mathai
37 „ C. A. Mathew
38 „ P. S. Nataraja Pillai
39 „ R. Ponnappa Nadar
40 „ A. A. Rahim
41 Dr. A. R. Menon
42 Shri P. Ramaswami Pillai
43 „ P. J. Sebastian
44 „ V. V. Sebastian
45 „ S. Seshadrinatha Sarma
46 Shri A. M. Simon
47 „ K. A. Sivarama Bharathy
48 „ P. Thanulingam Nadar
49 „ A. Thanu Pillai
51 „ A. Thankiah
52 Dr. P. T. Thomas
53 Shri K. I. Velayudhan
54 „ Kalathil Velayudhan Nair
55 „ T. M. Varghese
56 „ M. William
57 „ A. A. D. Luiz

NEUTRALS—Nil.

MR. SPEAKER : For the motion 25, aganist the motion 57, neutral nil. The amendment is lost.

MR. SPEAKER : We shall postpone further consideration of the Bill and take up the Resolution posted for today.

Panel of Chairmen.

I have also to make an announcement.

Under Rule 8 of the Rules of Procedure and Conduct of Business of the Assembly, I nominate Shri T. M. Varghese and Shri N. Raghava Kurup as Panel of Chairmen for this Session.

Resolution.

Home Minister (SHRI A. J. JOHN) : I beg to move the following resolution :

"Whereas for the purpose of securing uniformity in Legislation it is desirable that the control and regulation of prize competitions and all other matters ancillary thereto should be regulated in the State of Travancore-Cochin by the Prize Competitions Act, 1955 (42 of 1955) passed by Parliament :

Now, therefore, in pursuance of clause (1) of Article 252 of the Constitution, this Assembly resolves that the Act aforesaid be adopted by the State of Travancore-Cochin."

LIBRARY ARCHIVES Kerala Legislative Assembly